12217
19/9/15

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ശബരിമല ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിന് കൊടിമര നിർമ്മാണത്തിന് തേക്കുമരം സൗജന്യമായി അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ. (എം.എസ്.)നം.70/2015/വനം തീയതി, തിരുവനന്തപുരം, 18.09.2015.

---

പരാമർശം : 1. 13.06.2007-ലെ സ.ഉ.(എം.എസ്.)38/07/വനം നമ്പർ ഉത്തരവ്

2. 03.10.2012-ലെ സ.ഉ.(എം.എസ്.) 104/2012/വനം നമ്പർ ഉത്തരവ്

3. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡണ്ടിന്റെ 12.08.2015-ലെ ROC-852/15/M നമ്പർ കത്ത്.

4. സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 13.08.2015, 14.09.2015 എന്നീ തീയതികളിലെ പ്രൊ(5)25125/15 നമ്പർ കത്ത്

**ഉത്തരവ്**

ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിന്റെ നിലവിലുള്ള ധ്വജത്തിന് ജീർണ്ണതയുള്ളതായി ദേവ പ്രശ്നത്തിൽ തെളിഞ്ഞതിനാൽ പുതിയ ധ്വജം പ്രതിഷ്ഠിക്കുന്നതിന് തേക്കുമരം സൗജന്യമായി അനുവദിക്കണമെന്ന് പരാമർശം മൂന്നുപ്രകാരം തിരുവിതാംകൂർ ദേവസ്വം പ്രസിഡണ്ട് അഭ്യർത്ഥിക്കുകയുണ്ടായി. ക്ഷേത്രത്തിനാവശ്യമായ തേക്കുമരം കോന്നി ഫോറസ്റ്റ് ഡിവിഷനു കീഴിലുള്ള നടുവത്തുമൂഴി റെയിഞ്ചിൽ കൊക്കാത്തോട് ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽപെട്ട 1951 വയകര തേക്കു തോട്ടത്തിലെ 3046 നമ്പർ തേക്കുമരം ക്ഷേത്ര ഭാരവാഹികൾ തെരഞ്ഞെടുത്തിട്ടുള്ളതാണെന്നും സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് പരാമർശം (4) പ്രകാരം അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശബരിമല ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിന്റെ പ്രശസ്തിയും പ്രാധാന്യവും കണക്കിലെടുത്ത് ക്ഷേത്രഭാരവാഹികൾ

തെരഞ്ഞെടുത്ത കോന്നി ഫോറസ്റ്റ് ഡിവിഷനു കീഴിലുള്ള നടുവത്തുമൂഴി റെയിഞ്ചിൽ കൊക്കാത്തോട് ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽപെട്ട 1951 വയകര തേക്കു തോട്ടത്തിലെ 3046 നമ്പർ തേക്കു മരം പരാമർശം ഒന്ന്, രണ്ട് എന്നീ ഉത്തരവുകളിലെ വ്യവസ്ഥകളിൽ ഇളവു വരുത്തി (തടി വില, സെന്റേജ് ചാർജ്, മറ്റു ചാർജുകൾ ഉൾപ്പെടെ 4,47,186/- (നാലു ലക്ഷത്തി നാൽപത്തിയേഴായിരത്തി നൂറ്റി എൺപത്തിയാറു രൂപ ഒഴിവാക്കി ക്ഷേത്രത്തിന്റെ കൊടിമര നിർമ്മാണാവശ്യത്തിന് സൗജന്യമായി അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**പി.മാരപാണ്ഡ്യൻ,**
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ദേവസ്വം വകുപ്പ്
വെബ് & മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.